(ബി & സി) ഇല്ല. 13-9-1974-ലെ ജി. ഒ. (എം. എസ്.) 229/74/പി.ഡി. പ്രകാരം ഓഫീസ് സെക്ഷനുകളിൽ സീനിയർ ടൈപ്പിസ്റ്റുമാരേയും, അറ്റൻഡർ തസ്തികയിൽനിന്നും പ്രൊമോഷൻ ലഭിച്ച ക്ലറിക്കൽ അസിസ്റ്റന്റിനേയും 50:50 എന്ന അനുപാതത്തിൽ ഓഫീസ് അസിസ്റ്റന്റായും, ക്ലറിക്കൽ അസിസ്റ്റന്റായും നിയമിച്ചു വരുന്നു. സീനിയർ ടൈപ്പിസ്റ്റിന്റേയും ക്ലറിക്കൽ അസിസ്റ്റന്റിന്റേയും ശമ്പള സ്കെയിലുകൾ സമാനമല്ല.

കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് പദ്ധതി

48 [3426] ശ്രീ. വി. കെ. സി മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ അന്തരിച്ച ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരമുള്ള നിയമനത്തിന് കാലതാമസം വരുത്തുന്നതിനാൽ ജോലി ലഭിക്കുന്നതിന് മിക്ക വകുപ്പുകളിലും അപേക്ഷകർ കാത്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയമനം നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെല്ലിലേക്ക് ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കാനുണ്ട്; ഇതിന്റെ വർഷവും ജില്ലയും തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ഡി) കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ വിപുലപ്പെടുത്തിയും സംസ്ഥാനത്തെ മുഴുവൻ അപേക്ഷകരേയും സെല്ലിന്റെ പരിധിയിൽപ്പെടുത്തിയും നിയമനം നൽകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിലുള്ള തടസ്സം എന്തെന്ന് വിശദമാക്കാമോ; നിയമനം സെൽവഴി മാത്രം നടപ്പാക്കുന്നതിലുള്ള തടസ്സം എന്തെല്ലാമാണ്;

(എഫ്) താനൂർ എ. ഇ. ഒ. ആയിരിക്കെ അന്തരിച്ച സുകുമാരന്റെ മകൻ ശ്രീ. കെ. ടി. ഷിജുവിന്റെ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ; 86/സി2/03 എഡ്യൂക്കേഷൻ പ്രകാരമുള്ള ഈ അപേക്ഷകന് എന്ന് ജോലി നൽകാനാവും എന്നും ഏതു വർഷം വരെയുള്ള അപേക്ഷയിലാണ് ഒടുവിൽ നിയമന ഉത്തരവ് നൽകിയത് എന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വിവിധ വകുപ്പുകളിൽ അപേക്ഷകർക്ക് നിയമനം നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി ആണ് ഓരോ വർഷവും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ നീക്കിവച്ചുകൊണ്ട് അവ അലോട്ട് ചെയ്യുന്നതിന് സി. ഇ. സെൽ രൂപീകൃതമായിട്ടുള്ളത്. വിവിധ വകുപ്പുകളിൽ നിന്നും ഓരോ വർഷവും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കാണ് നിയമനം നൽകുന്നത്. ഒഴിവുകൾ യഥാസമയം ലഭിക്കുന്നതിലേക്കായി വകുപ്പ് മേധാവികൾക്ക് കാലാകാലങ്ങളിൽ നിർദ്ദേശം നൽകിവരുന്നു. എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, അസിസ്റ്റന്റ് ഗ്രേഡ്-2/ഓഡിറ്റർ ഗ്രേഡ്-2/ലീഗൽ അസിസ്റ്റന്റ്, എൽ. ഡി. കമ്പയിലർ, വി. ഇ. ഒ./എൽ. വി. ഇ. ഒ., പ്യൂൺ എന്നീ തസ്തികകൾക്ക് 5% വീതവും പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡർ എന്നീ തസ്തികകൾക്ക് 10% വീതവുമാണ് ഒഴിവുകൾ നീക്കിവച്ചിട്ടുള്ളത്.

(സി) ഒഴിവുകൾ അലോട്ട് ചെയ്യുന്നതിനായി സി. ഇ. സെല്ലിൽ 20-7-2004 വരെ 519 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സെല്ലിൽ ലഭിക്കുന്ന ഒഴിവുകൾ കോമൺ പൂൾ ആയി കൈകാര്യം ചെയ്യുന്നതിനാൽ ജില്ല തിരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് സൂക്ഷിക്കാറില്ല. അപേക്ഷാ തീയതിയാണ് സീനിയോറിറ്റിക്ക് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. വിവിധ തസ്തികകളിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകരുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ, എൽ. ഡി. ടൈപ്പിസ്റ്റ്, പ്യൂൺ തസ്തികകളിലേക്ക് ഒഴിവുകൾ ഉണ്ടെങ്കിലും അപേക്ഷകരില്ല.

(ഡി & ഇ) ഇപ്പോൾ 11 സാങ്കേതികേതര തസ്തികകളിലേക്കാണ് സെൽ വഴി നിയമനം നൽകിവരുന്നത്. കൂടാതെ സാങ്കേതിക തസ്തികകൾ കൂടി സെല്ലിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിലുള്ള ചട്ടപ്രകാരം മരണമടയുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ തന്നെയാണ് ആശ്രിത നിയമനവും നൽകേണ്ടത്. ബന്ധപ്പെട്ട വകുപ്പിൽ ഒഴിവുകൾ ആറു മാസത്തിനുള്ളിൽ ലഭിക്കാൻ സാധ്യതയില്ലാതെ വരുമ്പോഴാണ് കോമൺ പൂളിലെ ഒഴിവിലേക്ക് സി. ഇ. സെല്ലിൽ ബന്ധപ്പെട്ട വകുപ്പ് അപേക്ഷകരുടെ അപേക്ഷ പ്രകാരം സമ്മതത്തോടെ പേര് രജിസ്റ്റർ ചെയ്യുന്നത്.

(എഫ്) ശ്രീ. കെ. ടി. ഷിജുവിന്റെ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള 22-7-2001-ലെ അപേക്ഷ സെല്ലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ അപേക്ഷാ തീയതി 4-11-1998 വരെയുള്ളവർക്കാണ് സെല്ലിൽ നിന്നും നിയമനം നൽകിയിട്ടുള്ളത്. ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് ശ്രീ. ഷിജുവിന് തന്റെ ഊഴം വരുമ്പോൾ എൽ. ഡി. ക്ലാർക്ക് ഒഴിവു അലോട്ട് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly